അംഗീകരിക്കുന്നതിന് വർഷങ്ങളായി നടന്നുവരുന്ന നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാവും എന്നും, മേൽ കാണിച്ച ആദിവാസി കോളനികൾക്ക് എന്നത്തേയ്ക്ക് അംഗീകാരം ലഭിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പട്ടികവർഗ്ഗക്കാർ വസിക്കുന്ന സ്ഥലങ്ങളെ കോളനികളായി അംഗീകരിക്കുന്നതിന് നടപടിക്രമങ്ങൾ ഇല്ല. അഞ്ചും അതിൽ കൂടുതലും പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങളെ കോളനി എന്നതിനു പകരം സെറ്റിൽമെന്റുകളായാണ് കണക്കാക്കുന്നത്. പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ എല്ലാ ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങൾ കോളനിയുടെ അടിസ്ഥാനത്തിൽ മാത്രമല്ല നൽകുന്നതെന്നതിനാലാണ് പട്ടികവർഗ്ഗ സങ്കേതങ്ങളെ കോളനികളായി അംഗീകരിക്കുന്ന നടപടികൾ സ്വീകരിക്കാത്തത്.

കണ്ണൂർ ജില്ലയിലെ ആദിവാസി കോളനിയിലെ പകർച്ചവ്യാധികൾ തടയാൻ നടപടി

151 (1043) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആദിവാസി കോളനികളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പകർച്ചവ്യാധി തടയുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ആദിവാസി കോളനികളിൽ പകർച്ച വ്യാധികൾ വ്യാപകമായി പടർന്നുപിടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പകർച്ചവ്യാധികൾ പിടിപ്പെട്ട ആദിവാസികളുടെ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. സർക്കാർ ആശുപത്രികൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ ആശുപത്രികളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും എസ്. ടി. പ്രൊമോട്ടർമാരും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്.

(സി) ജില്ലാ കളക്ടറും ആരോഗ്യവകുപ്പുമായി ചേർന്നുകൊണ്ട് രക്തപരിശോധനയും പ്രത്യേക മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly